2023
JUNE
17
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## സാമ്പത്തികനില തകർന്ന് ശ്രീലങ്ക; ജിഡിപിയിൽ 11.5% ഇടിവ്

**കൊളംബോ:** രാഷ്ട്രീയ പ്രതിസന്ധികൾക്കിടെ സാമ്പത്തിക മാന്ദ്യത്തിലും വലഞ്ഞ് ശ്രീലങ്ക. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2023, 24 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ, ജിഡിപിയിൽ 11.5 ശതമാനം ഇടിവാണുള്ളത്. ശ്രീലങ്കയുടെ ചരിത്രത്തിലെത്തന്നെ ഏറ്റവും പ്രതികൂലമായ സാഹചര്യമാണ് നിലവിലുള്ളത്.

2023 ലെ ആദ്യപാദത്തിൽ സ്ഥിരമൂല്യം (കോൺസ്റ്റന്റ് പ്രൈസ്) 3,519,400 ദശലക്ഷം രൂപയിൽനിന്ന് 3,114,187 ദശലക്ഷം രൂപയായി കുറഞ്ഞു. രാജ്യത്തെ ജിഡിപി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തെ ആദ്യപാദത്തിൽ 11.5% കുറവു രേഖപ്പെടുത്തി. നിലവിൽ രാജ്യത്തെ കാർഷിക മേഖലയിൽ മാത്രമാണ് വളർച്ചയുണ്ടായത്. അതും 0.8% മാത്രം. വ്യാവസായിക മേഖലയിലും സേവനമേഖലയിലും യഥാക്രമം 23.4%വും 5%വും കുറവുണ്ടായി.

ശ്രീലങ്കയുടെ അധികാരത്തിൽനിന്നു രാജപക്സെ കുടുംബത്തെ നീക്കം ചെയ്യാനായി ജനങ്ങൾ തെരുവുലിറങ്ങിയത് രാജ്യത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചു. 2022ൽ മാത്രം 7% ഇടിവാണ് ജിഡിപിയിലുണ്ടായത്. മാർച്ചിൽ രാജ്യാന്തര നാണ്യനിധി 30ലക്ഷം ഡോളറിന്റെ സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ഫലം കണ്ടിട്ടില്ല. രാജ്യത്തിനു നിലവിലുള്ള ബാധ്യതകൾ പരിഹരിക്കാനാണ് പെട്ടെന്നുള്ള കടമെടുപ്പ്. ഇതിനു പുറമെ ഇന്ത്യയും 400 കോടി ഡോളറിന്റെ സാമ്പത്തിക സഹായം ശ്രീലങ്കൻ സർക്കാരിനു വാഗ്ദാനം ചെയ്തിട്ടുണ്ട്.

# സംസ്ഥാനത്തെ ഇന്ധന വിൽപന ഇടിഞ്ഞു: സർക്കാരിനു നഷ്ടം

**തിരുവനന്തപുരം:** വരുമാനം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് പെട്രോളിനും ഡീസലിനും ലീറ്ററിന് 2 രൂപ വീതം വില കൂട്ടിയപ്പോൾ സംസ്ഥാനത്തെ ഇന്ധന വിൽപനയിൽ ഇടിവ്. സ്വകാര്യ വാഹനങ്ങൾ ഇന്ധന ഉപയോഗം കുറച്ചതും ഇലക്ട്രിക് വാഹനങ്ങളിലേക്കു മാറിയതും ചരക്കു വാഹനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു ഡീസൽ നിറയ്ക്കുന്നതു പതിവാക്കിയതുമാകാം ഈ കുറവിനു കാരണം. വിൽപന ഇടിഞ്ഞതോടെ നികുതിയിനത്തിൽ സർക്കാരിനു നഷ്ടവും ഏറെ.

കഴിഞ്ഞ ഏപ്രിൽ 1 മുതലാണ് പെട്രോളിനും ഡീസലിനും 2 രൂപ വീതം സാമൂഹിക സുരക്ഷാ സെസ് സർക്കാർ ഏർപ്പെടുത്തിയത്. ഇതോടെ പെട്രോളിന് 109.42 രൂപയും (തിരുവനന്തപുരത്ത്) ഡീസലിന് 98.24 രൂപയുമായി വില ഉയർന്നു. ഈ മാർച്ചിൽ 21.21 കോടി ലീറ്റർ പെട്രോൾ വിറ്റപ്പോൾ ഏപ്രിലിൽ വിൽപന 19.73 കോടി ലീറ്ററായി താഴ്ന്നു. 1.48 കോടി ലീറ്ററിന്റെ കുറവാണുണ്ടായത്. ഡീസലാകട്ടെ മാർച്ചിൽ 26.66 കോടി ലീറ്റർ വിറ്റെങ്കിൽ ഏപ്രിലിൽ 20.28 കോടിയായി കുറഞ്ഞു. 6.38 കോടി ലീറ്റർ കുറവ്.



2022 ഏപ്രിലിൽ 19.98 കോടി ലീറ്റർ പെട്രോളും 23.78 കോടി ലീറ്റർ ഡീസലുമാണു വിറ്റത്. ഒരു ലീറ്റർ പെട്രോളിന് 25 രൂപയും ഡീസലിന് 18 രൂപയുമാണ് സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി. വിൽപന കുറ!ഞ്ഞതു വഴി രണ്ടിലും കൂടി 150 കോടി രൂപയോളമാണു മാർച്ച്, ഏപ്രിൽ നികുതി വരുമാന വ്യത്യാസം. പ്രതിമാസം സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർധിക്കുന്നതിനാൽ ഇന്ധനത്തിന്റെ വിൽപന ഓരോ മാസവും കൂടുകയാണ് ചെയ്യുക. കോവിഡ് കാലത്തു മാത്രമാണ് ഇന്ധന ഉപയോഗം ഗണ്യമായി കുറഞ്ഞത്. സെസ് ഏർപ്പെടുത്തിയതോടെ സംസ്ഥാനാന്തര ചരക്കു വാഹനങ്ങൾ ഇന്ധനം നിറയ്ക്കുന്നതു മറ്റു സംസ്ഥാനങ്ങളിൽ നിന്നാക്കി. കെഎസ്ആർടിസി പോലും മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ഇന്ധനം നിറയ്ക്കുന്നത്.

## ബജറ്റ് ടൂറിസം: കെഎസ്ആർടിസിയുടെ പോർട്ടലും ചാറ്റ്ബോട്ടും

**കണ്ണൂർ:** കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിന്റെ (ബിടിസി) ടൂർ പാക്കേജുകളെക്കുറിച്ചറിയാൻ കേന്ദ്രീകൃത സംവിധാനം വരുന്നു. വാട്സാപ് ചാറ്റ്ബോട്ട് 2 മാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാകും. ഇതുവഴി, ബിടിസി ടൂർ പാക്കേജുകളെക്കുറിച്ചറിയാനും ടിക്കറ്റ് ബുക്ക് ചെയ്യാനും ഒരൊറ്റ നമ്പർ മതി. നിലവിൽ ഡിപ്പോകൾ കേന്ദ്രീകരിച്ചുള്ള ബിടിസി കോഓർഡിനേറ്റർ വഴിയാണു ടിക്കറ്റ് ബുക്ക് ചെയ്യുന്നത്.

കൂടാതെ, സഞ്ചാരികൾക്കു താമസം, ഭക്ഷണം, ടാക്സി സർവീസ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്ന ഓൺലൈൻ പോർട്ടലും ഒരുക്കും. ബിടിസി പാക്കേജ് തിരഞ്ഞെടുക്കുന്നവർക്കു മാത്രമല്ല, മറ്റു യാത്രക്കാർക്കും ഉപയോഗപ്പെടുത്താവുന്ന തരത്തിലാണു പോർട്ടൽ. അവധിക്കാല പാക്കേജുകൾ വഴി കെഎസ്ആർടിസിക്കു വരുമാനം 25 കോടി രൂപ. 4,25,950 യാത്രക്കാരാണു വേനലവധി ആഘോഷിക്കാൻ കെഎസ്ആർടിസിക്കൊപ്പം കൂടിയത്. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല സ്ത്രീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ടൂറിസം ആപ് തയാറാക്കും. വിനോദസഞ്ചാര കേന്ദ്രങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, ടൂർ പാക്കേജുകൾ, അംഗീകൃത വനിതാ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ഹൗസ് ബോട്ടുകൾ, ഹോം സ്റ്റേകൾ, വനിതാ ടൂർ ഗൈഡുമാർ, ക്യാംപിങ് സൈറ്റുകൾ, കാരവനുകൾ, ഭക്ഷണശാലകൾ തുടങ്ങി വനിതാ യാത്രികർക്ക് സഹായകമാകുന്ന എല്ലാ വിവരങ്ങളും ആപ്പിലുണ്ടാകും.

## സൂര്യകാന്തി എണ്ണ വില കുറഞ്ഞേക്കും

**ന്യൂഡൽഹി:** വിലക്കയറ്റം തടയാനായി റിഫൈൻഡ് സൂര്യകാന്തി എണ്ണ, സോയ എണ്ണ എന്നിവയുടെ അടിസ്ഥാന ഇറക്കുമതി തീരുവ 5% കുറച്ചു. ഇതോടെ ഇവയുടെ വില വീണ്ടും കുറഞ്ഞേക്കും.

17.5 ശതമാനമായിരുന്ന തീരുവയാണ് 12.5 ശതമാനമായി കുറച്ചത്. 2024 മാർച്ച് 31വരെ ഈ നിരക്ക് പ്രാബല്യത്തിലുണ്ടാകും.

രാജ്യാന്തരതലത്തിൽ ഭക്ഷ്യ എണ്ണയ്ക്ക് വില കുറയുന്ന സാഹചര്യത്തിൽ ഇന്ത്യയിൽ ലീറ്ററിന് 8 രൂപ മുതൽ 12 രൂപ വരെ അടിയന്തരമായി കുറയ്ക്കണമെന്ന് ഉൽപാദക കമ്പനികളോട് ഈ മാസം ആദ്യം കേന്ദ്രം ആവശ്യപ്പെട്ടിരുന്നു.



## പി. എഫ്. പരാതിപരിഹാര ക്യാമ്പ് ജൂൺ 27ന്

**മൂന്നാർ:** എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ എല്ലാ മാസവും ജില്ലാ അടിസ്ഥാനത്തിൽ നിധി ആപ്പ് നികട് 2.0 ( പി.എഫ്. നിങ്ങളുടെ അരികെ) എന്ന പേരിൽ നടത്തുന്ന പരാതി പരിഹാര, ബോധവൽക്കരണ ക്യാമ്പ് ജൂൺ 27ന് ദേവികുളം ആർ ഡി ഒ ഓഫീസ് കോൺഫറൻസ് ഹാളിൽ നടക്കും. ഇടുക്കി ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ രാവിലെ 9 മണി മുതൽ നടക്കുന്ന സമ്പർക്ക പരിപാടിയിൽ തൊഴിലാളികൾ, തൊഴിലുടമകൾ, പെൻഷൻകാർ എന്നിവർക്ക് പങ്കെടുക്കാം.

പങ്കെടുക്കാൻ താൽപര്യമുള്ളവർ പരാതി വിശദമായി എഴുതി മൂന്നാർ പി എഫ് ഓഫീസിൽ അസിസ്റ്റന്റ് പി എഫ് കമ്മീഷണർ, ഇ പി എഫ് ഒ ജില്ലാ ഓഫീസ്, മൂന്നാർ എന്ന മേൽവിലാസത്തിൽ നേരിട്ടോ തപാൽ മുഖേന ഈ മാസം 21ന് മുമ്പ് ലഭിക്കത്തക്ക വിധം അയക്കണം. പരാതിയിൽ പി എഫ് നമ്പർ, യു എ എൻ, പി പി ഒ നമ്പർ, എസ്റ്റാബ്ലിഷ്മെന്റ് കോഡ് നമ്പർ, മൊബൈൽ നമ്പർ(ബാധകമായവ) എന്നിവ ചേർത്തിരിക്കണം. പരിപാടി ദിവസം നേരിട്ട് എത്തിയും പരാതി ബോധിപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9895533820.

## സോണോളജിസ്റ്റ് ഒഴിവ്

**മൂവാറ്റുപുഴ:** ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ സോണോളജിസ്റ്റായി സേവനം ചെയ്യുന്നതിന് താത്പര്യമുള്ള താഴെപ്പറയുന്ന യോഗ്യതയുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത:

എം.ബി.ബി.എസ് എം.ഡി റേഡിയോളി അല്ലെങ്കിൽ എം.ബി.ബി.എസ് ഡി.എൻ.ബി റേഡിയോളജി അല്ലെങ്കിൽ എം.ബി.ബി.എസ് ഡി.എം.ആർ.ഡി (ടി.സി.എം.സി രജിസ്ട്രേഷൻ നിർബന്ധം).

താത്പര്യമുള്ളവർ ബയോഡേറ്റാ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ജൂൺ 25നകം സൂപ്രണ്ട്,ജനറൽ ആശുപത്രി, മൂവാറ്റുപുഴ എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് മൂവാറ്റുപുഴ ജനറൽ ആശുപത്രി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: 04852836544.

## വിദ്യാഭ്യാസ ധനസഹായം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ നൽകാം. സർക്കാർ/എയ്ഡഡ് സ്കൂളിൽ വിദ്യാഭ്യാസം നടത്തിയവരും 20222023 വർഷത്തെ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 80ഉം അതിൽ കൂടുതൽ പോയിന്റും നേടിയവരും പ്ലസ്ടു/വി.എച്ച്.എസ്.ഇ പരീക്ഷയിൽ 90 ശതമാനം മാർക്ക് നേടിയവരുമായ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്ന് നിശ്ചിത ഫോമിലെ അപേക്ഷ ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജൂലൈ 20 വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണം.



# പോഷക സമൃദ്ധി പദ്ധതി വിപുലീകരണം അനിവാര്യത: മന്ത്രി പി. പ്രസാദ്

**കൊല്ലം:** കാർഷികവൃത്തിയിൽ പിന്നാക്കം പോയ കേരളത്തിൽ പോഷക സമൃദ്ധിപോലുള്ള പദ്ധതികൾ വിപുലീകരിക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി പി പ്രസാദ്. കാഷ്യൂ കോർപ്പറേഷൻറെ പരിധിയിൽ കൊട്ടിയത്ത് ആരംഭിച്ച പോഷക സമൃദ്ധിയായ മാതൃകാ പഴവർഗപച്ചക്കറി കൃഷിത്തോട്ടത്തിൻറെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കൊട്ടിയം ഫാക്ടറിയിലെ കൃഷിത്തോട്ടം മദർഗാർഡനായി ഉയർത്തും. മുഖത്തലയിലെ പഞ്ചായത്തുകളിലെ കൃഷിക്കൂട്ടങ്ങളെ സാറ്റ് ലൈറ്റ് യൂണിറ്റുകളായി ക്രമീകരിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കും. കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് സഹായം നൽകുമെന്നും മന്ത്രി പറഞ്ഞു.

ഉദ്യോഗസ്ഥർക്കല്ല മറിച്ച് കർഷകർക്കാണ് പരിശീലനത്തിലൂടെയും യാത്രകളിലൂടെയും കൃഷി അറിവ് പകർന്നു നൽകേണ്ടത്. എന്തും ഏതും വില കൊടുത്ത് വാങ്ങി ഉപയോഗിക്കാമെന്ന മലയാളുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണം. പകരം പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന തലത്തിലേക്ക് കേരളീയർ മാറ്റപ്പെടണമെന്നും മന്ത്രി പറഞ്ഞു.

എം നൗഷാദ് എം എൽ എ അധ്യക്ഷനായി. കാഷ്യൂ കോർപറേഷൻ ചെയർമാൻ എസ് ജയമോഹൻ, തൊഴിലുറപ്പ് പദ്ധതി ഡയറക്ടർ എ നിസാമുദീൻ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബി യശോദ, മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജെ ഷാഹിദ, അഗ്രികൾച്ചർ അസി. ഡയറക്ടർ എൽ പ്രീത, കാപ്പെക്സ് ചെയർമാൻ എം ശിവശങ്കരപിള്ള, കാഷ്യൂ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ സുഭഗൻ, തദ്ദേശ സ്വയംഭരണ ജനപ്രതിനിധികളായ എച്ച് ഹുസൈൻ, സുശീല ടീച്ചർ, എം സജീവ്, ജിഷാ അനിൽ, സെൽവി, ജവാബ് റഹുമാൻ, എസ് സുധീർ, തൊഴിലുറപ്പ് പദ്ധതി ജോയിൻറ് പ്രോഗ്രാം കോ ഓർഡിനേറ്റർ സി എസ് ലതിക, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എസ് ഗീത, കാഷ്യൂ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ രാജേഷ് രാമകൃഷ്ണൻ, എം ആർ ബിന്ദു, ബി സുജീന്ദ്രൻ, ജി ബാബു, സജി ഡി ആനന്ദ്, ശൂരനാട് ശ്രീകുമാർ, സലിൽ യൂജിൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 13,59,486 രൂപയും കാഷ്യൂ കോർപ്പറേഷൻറെ ഗുണഭോകൃതൃവിഹിതമായി 2,65,050 രൂപയും ഉൾപ്പെടെ 19,80,536 രൂപയാണ് പദ്ധതി അടങ്കൽ തുക. കൃഷി വകുപ്പിൻറേയും കാഷ്യൂ കോർപ്പറേഷൻറേയും മയ്യനാട് ഗ്രാമപഞ്ചായത്തിൻറേയും തൊഴിലുറപ്പ് പദ്ധതിയുടെയും സംയുക്ത സംരംഭമായ പോഷക സമൃദ്ധി പദ്ധതി പ്രകാരം കൊട്ടിയം ഒന്നാം നമ്പർ കാഷ്യൂകോർപ്പറേഷൻ ഫാക്ടറിയുടെ ആറ് ഏക്കർ തരിശുനിലമാണ് കൃഷിക്ക് അനുയോജ്യമായി തീർത്തത്.

സംസ്ഥാനത്തെ ആദ്യ പോഷക സമൃദ്ധി പദ്ധതിയാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. പദ്ധതിയുടെ ഭാഗമായി സഞ്ചാരികൾക്ക് ഫാമിൽ വിശ്രമിക്കുന്നതിന് ഏറുമാടങ്ങൾ ഉൾപ്പെടെ ഫാം ടൂറിസത്തിൻറെ സാധ്യതയും ഉപയോഗപ്പെടുത്തും.

# പാടശേഖരങ്ങളിൽ കൃഷിയൊരുക്കം



**കോടാലി:** മഴ ശക്തമായതോടെ മലയോരത്തെ പാടശേഖരങ്ങളിൽ വിരിപ്പുകൃഷിക്ക് തുടക്കംകുറിച്ചു. വരന്പുകിളച്ചും ഉഴുതുമറിച്ചും നിലമൊരുക്കുന്ന പണികളാണ് ആരംഭിച്ചിട്ടുള്ളത്. മറ്റത്തൂർ കൃഷി ഭവനു കീഴിലുള്ള 17 പാടശേഖരങ്ങളിൽ ഏതാനും പാടങ്ങളിലൊഴികെ മറ്റെല്ലായിടത്തും ഇക്കുറി വിരിപ്പുകൃഷി ഇറക്കുന്നുണ്ട്. തെല്ല് വൈകിയാണെങ്കിലും കാലവർഷം ശക്തി പ്രാപിച്ചതോടെ പാടശേഖരങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം ലഭ്യമായിതുടങ്ങി.

വെള്ളിക്കുളം വലിയ തോടിൻറെ സാമീപ്യമുള്ള പാടശേഖരങ്ങളിൽ ഒരാഴ്ച മുന്പു തന്നെ കൃഷിപണികൾ തുടങ്ങിവച്ചിരുന്നു. നിലം ഉഴുതുമറിക്കാനുള്ള കാർഷിക യന്ത്രങ്ങളുടെ ലഭ്യത അനുസരിച്ച് പണികൾ പൂർത്തിയാക്കി കൃഷിയിറക്കാനുള്ള ഒരുക്കത്തിലാണ് കർഷകർ. മഴയിൽ വെള്ളം കയറാൻ സാധ്യതയുള്ള നിലങ്ങളിൽ ഞാറു നടാനും മറ്റു നിലങ്ങളിൽ വിത്ത് വിതക്കാനുമാണ് പാടശേഖര സമിതികളുടെ തീരുമാനം. ജ്യോതി വിത്താണ് ഇത്തവണ എല്ലാ പാടശേഖരങ്ങളിലും ഒന്നാം വിളക്കായി ഉപയോഗിക്കുന്നത്. വിത്തുപയോഗിച്ച് നടീലിനുള്ള ഞാറ്റടികളും തയ്യാറാക്കിയിട്ടുണ്ട്. അതേ സമയം മാങ്കുറ്റിപാടം അടക്കമുള്ള ചില പാടശേഖര സമിതികൾ വിരിപ്പു കൃഷി ഇറക്കുന്നില്ല.

ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നിലം തരിശിട്ട് സെപ്തംബറിൽ മുണ്ടകൻ വിള പതിവിലും നേരത്തെ ഇറക്കാനാണ് ഇവരുടെ തീരുമാനം. മാസങ്ങളോളം നിലം തരിശിടുന്നത് മുണ്ടകൻ കൃഷിക്ക് വിളവ് കൂടുതൽ ലഭിക്കാൻ സഹായകമാവുമെന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു.

## സ്മൈൽ കേരള വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ വനിത ആശ്രിതർക്കുള്ള സ്മൈൽ കേരള വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. മുഖ്യ വരുമാനശ്രയമായ വ്യക്തി കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ 18 മുതൽ 55 വയസ്സ് വരെ പ്രായപരിധിയിലുള്ളവരും മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായ വനിത ആശ്രിതർക്കാണ് സ്മൈൽ കേരള സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം ആറ് ശതമാനം പലിശ നിരക്കിൽ അഞ്ച് ലക്ഷം രൂപ വരെ വായ്പ നൽകുക. ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് അഞ്ച് സെന്റിൽ കുറയാത്ത വസ്തുവിന്റെ കരം അടച്ച രസീത് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകും. കൃത്യമായി തിരിച്ചടക്കുന്നവർക്ക് വായ്പാതുകയുടെ 20 ശതമാനം അല്ലെങ്കിൽ പരമാവധി ഒരുലക്ഷം രൂപ വരെ സബ്സിഡിയും നൽകും. വിശദവിവരങ്ങൾക്കും അപേക്ഷ ഫോമിനും www.kswdc.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04862 291478, 9496015011 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

## കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ നിയമനം

**ആലപ്പുഴ:** ആര്യാട് ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസിനു കീഴിൽ ജാഗ്രത സമിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനായി കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

എം.എസ്.ഡബ്ല്യൂ/എം.എസ്സി/എം.എ. സൈക്കോളജി/എം.എ. സോഷ്യോളജി യോഗ്യതയുള്ളവർക്കാണ് അവസരം. ഒരു വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം.

ആര്യാട് ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് മുൻഗണന. പ്രതിമാസം 17000 രൂപ ഹോണറേറിയം ലഭിക്കും. പ്രായപരിധി 40 വയസ്.

യോഗ്യതയുള്ള വനിതകൾ ബയോഡേറ്റ, പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും വെള്ളപേപ്പറിൽ തയ്യാറാക്കി അപേക്ഷയും ജൂൺ 20ന് വൈകിട്ട് അഞ്ചിനകം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആര്യാട് ഗ്രാമപഞ്ചായത്ത്, കോമളപുരം, ആലപ്പുഴ 688006 എന്ന വിലാസത്തിൽ നൽകണം. ഫോൺ: 9846612423.

## തൊഴിൽ മേള 24ന്

**ആലപ്പുഴ:** ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 24ന് മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ 'ദിശ 2023' തൊഴിൽ മേള നടത്തും.

20 പ്രമുഖ സ്വകാര്യ സ്ഥാപനങ്ങൾ മേളയിൽ പങ്കെടുക്കും. പ്ലസ്ടു/ ഐ.ടി.ഐ./ ഡിപ്ലോമ/ ബിരുദം/ ബിരുദാനന്തര ബിരുദം എന്നീ യോഗ്യതയുള്ള 35 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് മേളയിൽ പങ്കെടുക്കാം. താത്പര്യമുള്ളവർ ജൂൺ 21 ന് മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എകസ്ചേഞ്ചിലെത്തി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 04772230624, 8304057735

# തേനീച്ച വളർത്തിയാൽ സ്ട്രോബറി സമൃദ്ധി





ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട, മൂന്നാർ മലമടക്കുകളിൽ ഇതു സ്ട്രോബറി കാലം. തോട്ടങ്ങളിൽ മൾച്ചിംഗ് ഷീറ്റുകൾക്കു മീതെ നിറഞ്ഞു കായ്ച്ചുകിടക്കുന്ന ചുവന്നു തുടുത്ത സ്ട്രോബറി പഴങ്ങളിൽ നിന്നു കണ്ണെടുക്കാൻ തോന്നില്ല. അത്രയ്ക്ക് ഓമനത്തമാണ് ഓരോ പഴത്തിനും.

പ്രവാസി ചേമ്പർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രീസ് ഗ്രീൻ ഹോപ്പ് ഹണി ബീ വില്ലേജ് & റിസർച്ച് സെൻററിൻറെ നേതൃത്വത്തിൽ കാന്തല്ലൂരിലെ ബ്രമപുരത്ത് നട്ടു പിടിപ്പിച്ച തോട്ടങ്ങളിലാണു കണ്ണിനും മനസിനും കുളിർമ പകരുന്ന സ്ട്രോബറി സമൃദ്ധി.

പ്രവാസികളുടെ സഹകരണത്തോടെ ജൈവ കൃഷി പ്രോത്സാഹിപ്പിച്ചു പരമാവധി വിളവുണ്ടാക്കി വിഷരഹിത പഴവർഗങ്ങളും പച്ചക്കറികളും ലഭ്യമാക്കി ജനങ്ങളുടെ ആരോഗ്യ സുരക്ഷയും സാന്പത്തിക സുരക്ഷയും ഉറപ്പാക്കുകയാണു ലക്ഷ്യമെന്ന് മാനേജിംഗ് ഡയറക്ടർ ഫൗസിയ ആസാദ് പറഞ്ഞു.

തോട്ടങ്ങളിൽ തേനീച്ചകളെ പരാഗണ സേവനത്തിന് ഉപയോഗിക്കുന്നതു മൂലമാണു വിളവിൽ അത്ഭുതകരമായ വർധനയുണ്ടായത്.

കേരള കാർഷിക സർവകലാശാലയിലെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം മുൻമേധാവി ഡോ. സ്റ്റീഫൻ ദേവനേശൻറെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിൻറെ സാങ്കേതിക സഹായത്താലാണു തേനീച്ചകളെ തോട്ടങ്ങളിൽ പരിപാലിക്കുന്നത്.

ഹരിതം

ഇതുവഴി തോട്ടങ്ങളിൽ 40 ശതമാനത്തിലേറെ വിളവ് വർധിപ്പിക്കാനാകും. കൃഷിവകുപ്പിൻറെ മേൽനോട്ടത്തിൽ പ്രചരിപ്പിക്കുന്ന സ്ട്രോബറി തോട്ടങ്ങളിലാണ് തോനീച്ചപ്പെട്ടികൾ സ്ഥാപിച്ചു വിള വർധനവുണ്ടാക്കുന്നത്. ഒരേക്കറിൽ 12,000 ചെടികൾ വരെ നടാം.

89 മാസം ദൈർഘ്യമുള്ള കൃഷിയാണിത്. 35 ദിവസം കൊണ്ടു പൂവിടും. വിളവെടുപ്പിനു 45 ദിവസം മതി. ആഴ്ചയിൽ 3 4 തവണ വിളവെടുക്കാം. രാവിലെ എടുക്കുന്നതാണു നല്ലത്.

സാധാരണ നിലയിൽ ഒരു ചെടിയിൽ നിന്നു 500 ഗ്രാം (അര കിലോ) പഴങ്ങൾ ലഭിക്കും. കിലോയ്ക്ക് 600 രൂപയാണു വില. ഏക്കറിൽ 6000 കിലോ പഴം കിട്ടും. മൊത്തവരുമാനം 36,00000 രൂപ.

സംപൂർണ പരാഗണം ഉറപ്പാക്കാൻ തേനീച്ചകളെ വിന്യസിച്ചതോടെ ഒരു ചെടിയിൽ നിന്നു 700 ഗ്രാം പഴങ്ങൾ ലഭിച്ചു. 200 ഗ്രാം കൂടുതൽ. അതായത് ഒരേക്കറിൽ നിന്നു 2400 കിലോ അധികം.

അങ്ങനെ വരുന്പോൾ ഒരേക്കറിൽ നിന്നു മൊത്തം 8400 കിലോ പഴം. അപ്പോൾ മൊത്തവില 50,40,000 രൂപ. അധിക വരുമാനം 14,40,000 രൂപ. ഏക്കറിന് 10 തേനീച്ച കോളനികൾ മതി.

ഇതിൽ നിന്നു കിട്ടുന്ന ഔഷധഗുണമുള്ള തേൻ അധിക വരുമാനം നേടിത്തരുകയും ചെയ്യും. ഉത്തമ സ്ട്രോബറി കൃഷി രീതി തുടർന്നും അനുവർത്തിച്ചാൽ ആദായം നാൾക്കുനാൾ വർധിപ്പിക്കാനാവും.

ആസ്വാദ്യകരമായ മണവും മധുരവും രുചിയും ചുവപ്പു നിറവും കൊണ്ട് ഏറെ പ്രശസ്തമാണ് പഴങ്ങളുടെ രാജ്ഞിയെന്നറിയപ്പെടുന്ന സ്ട്രോബറി. ഫുറാനിയോൾ എന്ന വസ്തുവാണു മണത്തിനു കാരണം.

വിവിധയിനം ഭക്ഷണ പദാർങ്ങൾ, ബിവറേജസ്, പെർഫ്യൂമ്സ് കോസ്മെറ്റിക്സ് എന്നിവ നിർമിക്കാൻ ഫുറാനിയോൾ വിപുലമായി ഉപയോഗിക്കുന്നു.

സ്വാദിഷ്ടവും ആരോഗ്യകരവുമായ ഈ ഫലത്തിൽ വർധിച്ചതോതിൽ ആൻറി ഓക്സിഡൻറുകൾ, വിറ്റാമിൻ സി, നാരുകൾ എന്നിവയും അടങ്ങിയിരിക്കുന്നു.

ദഹനത്തിനും രക്തസമ്മർദം നിയന്ത്രിക്കുന്നതിനും മുടി വളരുന്നതിനും അർബുദത്തെ പ്രതിരോധിക്കുന്നതിനുമുള്ള ഇതിൻറെ കഴിവ് തിരിച്ചറിഞ്ഞിട്ടുണ്ട്. സെപ്റ്റംബർനവംബർ മാസങ്ങളാണു പുതുതായി കൃഷിയിറക്കാൻ ഉചിതം.

വള്ളിയിൽ നിന്നു ലഭിക്കുന്ന പുതിയ തൈകളാണു നടീൽ വസ്തു. ചാണകപ്പൊടി, ആട്ടിൻ കാഷ്ഠം എന്നിവയടങ്ങിയ ജൈവവളം മണ്ണുമായി ചേർത്തു രൂപപ്പെടുത്തുന്ന ബെഡ് ഒരുക്കിയാണു തൈ നടുന്നത്.

ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കുന്നതുവഴി പരാഗണ സേവനത്തിന് സഹായിക്കുന്ന ഷഡ്പദങ്ങൾക്കു സംരക്ഷണമാകുകയും ചെയ്യും.ഉഷ്ണഉപഉഷ്ണ മേഖലകളാണു കൃഷിക്ക് അനുയോജ്യം. പകൽച്ചൂട് 2225 ഡിഗ്രി വരെയും രാത്രിയിൽ 7 13 ഡിഗ്രി വരെയുമാണു നല്ലത്. അതിശൈത്യം ഹാനികരമാണ്.

# അടുക്കളയിലുണ്ട് അടുക്കളത്തോട്ടത്തിനു വളം



അടുക്കള അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതിനു മുൻപ് ചിന്തിക്കുക. ഒന്നാന്തരം കംപോസ്റ്റിനുള്ള വകയാണ് പാഴാക്കാനൊരുങ്ങുന്നത്. കംപോസ്റ്റിങ് അറിയാവുന്നവർക്ക് ജൈവവളം വാങ്ങേണ്ടതില്ലെന്നു സാരം.

ജൈവവസ്തുക്കൾ സംസ്കരിച്ചു വളമാക്കുന്നതാണ് കംപോസ്റ്റിങ്. ഇതിന്റെ ഗുണമേന്മ ഉണ്ടാക്കാനുപയോഗിക്കുന്ന വസ്തുക്കളെ ആശ്രയിച്ചിരിക്കും. ഭക്ഷ്യാവശിഷ്ടങ്ങൾ, പച്ചക്കറി, ഇറച്ചി, മത്സ്യാവശിഷ്ടങ്ങൾ, ചപ്പുചവറുകൾ, കരിയില തുടങ്ങി ഉണങ്ങിയ ഓലവരെ കംപോസ്റ്റാക്കാം. ജൈവവസ്തുക്കൾ കൂട്ടിയിട്ടു കംപോസ്റ്റ് തയാറാക്കുമ്പോൾ കടുത്ത വെയിലിൽനിന്നും മഴയിൽനിന്നും സംരക്ഷണം ഉറപ്പു വരുത്തണം. അന്തരീക്ഷത്തിലെ ചൂടും ജൈവവസ്തുക്കളുടെ സ്വഭാവവും ഈർപ്പത്തിന്റെ നിലവാരവും കംപോസ്റ്റിനെ സ്വാധീനിക്കും. കംപോസ്റ്റ് തയാറാക്കുമ്പോൾ ഈർപ്പവും വായുസഞ്ചാരവും ഉറപ്പുവരുത്തണം. ജൈവാവശിഷ്ടങ്ങൾക്കു മീതെ പച്ചിലവളങ്ങളും കളകളും നിരത്തി ചാണകസ്ലറി ഒഴിക്കണം. ഇതിനു മീതെ വീണ്ടും ജൈവാവശിഷ്ടങ്ങൾ ചേർക്കാം. ഇതാണ് ഏറ്റവും ലളിതമായ കംപോസ്റ്റ്.

കംപോസ്റ്റ് കുഴിയെടുത്തും തയാറാക്കാം. പറമ്പിലെ ഏറ്റവും തണലുള്ള സ്ഥലമാണ് ഇതിന് ഏറ്റവും അനുയോജ്യം. നീളവും വീതിയും ആവശ്യാനുസരണവും ആഴം ഒരു മീറ്ററിൽ കൂടാതെയുമുള്ള കുഴിയാണ് നല്ലത്. കുഴിയുടെ അരികുകൾ അടിച്ചുറപ്പിക്കണം. ഉണങ്ങിയ ഓലകളുടെ മടൽ അടിയിൽ നിരത്തുക. ഇതിനു മേൽ ഓലകളും വാഴത്തടയും അടുക്കളാവശിഷ്ടങ്ങളും ശീമക്കൊന്നയോ പറമ്പിൽനിന്നു പറിച്ചെടുത്ത കളകളോ ചേർക്കാം. മുകളിലായി മേൽമണ്ണ് തൂകിക്കൊടുക്കണം. കുഴി നിറയുന്നതുവരെ ഇതേ രീതി ആവർത്തിക്കാം.

ദിവസവും ചെറിയ തോതിൽ നനയ്ക്കണം. കുഴിയിൽ മഴവെള്ളവും വെയിലും നേരിട്ട് പതിക്കാതിരിക്കാൻ പാഷൻഫ്രൂട്ട് പന്തലോ കോവൽ പന്തലോ ഒരുക്കാം. കുഴി നിറഞ്ഞാൽ മേൽമണ്ണിട്ട് മൂടണം. പല തരം ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ചാൽ ഗുണം കൂടും.



അശാസ്ത്രീയമായ വൈദ്യുതി നിരക്ക് വർധനവിലും കണകൂഡ് ലോഡിന്റെ പേരിൽ വ്യാപാരികൾക്ക് അന്യായമായി പിഴ ചുമത്തുന്നതിലും പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ  എറണാകുളം സെമിത്തേരി മുക്കിലെ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ ഓഫിസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിനിടയിൽ ഓഫിസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിനെ പോലിസ് അറസ്റ്റു ചെയ്ത് നീക്കുന്നു




അശാസ്ത്രീയമായ വൈദ്യുതി നിരക്ക് വർധനവിലും കണകൂഡ് ലോഡിന്റെ പേരിൽ വ്യാപാരികൾക്ക് അന്യായമായി പിഴ ചുമത്തുന്നതിലും പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ എറണാകുളം സെമിത്തേരി മുക്കിലെ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ ഓഫിസിനു മുന്നിൽ ചൂട്ടുകത്തിച്ച് പ്രതിഷേധിച്ചപ്പോൾ

# അന്യായമായ വൈദ്യുതിനിരക്ക് വർധന: ചീഫ് എഞ്ചിനീയറുടെ ഓഫിസ് ഉപരോധിച്ച് വ്യാപാരികൾ

**കൊച്ചി:**അശാസ്ത്രീയമായ വൈദ്യുതി നിരക്ക് വർധനവിലും കണകൂഡ് ലോഡിന്റെ പേരിൽ വ്യാപാരികൾക്ക് അന്യായമായി പിഴ ചുമത്തുന്നതിലും പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപാരികൾ എറണാകുളം സെമിത്തേരി മുക്കിലെ കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറുടെ ഓഫിസ്  ഉപരോധിച്ച് ചൂട്ട് കത്തിച്ചു പ്രതിഷേധിച്ചു.

ഓഫിസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകരെ പോലിസ് ബലം പ്രയോഗിച്ച് അറസ്റ്റു ചെയ്തു നീക്കി. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, എകോപന സമിതി ജില്ലാ കമ്മിറ്റിയംഗം കെ.സി സുനീഷ് എന്നിവരെയാണ് അറസ്റ്റു ചെയ്തത്. ഇവരെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് വ്യാപാരികൾ പോലിസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തി.

പ്രതിഷേധത്തിനൊടുവിൽ ഇവരെ ജാമ്യത്തിൽ വിട്ടയച്ചു. ഇന്നലെ രാവിലെ പത്തരയോടെ എറണാകുളം സെമിത്തേരിമുക്കിൽ നിന്നാണ് ഏകോപന സമിതി യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ വനിതകളടക്കം നൂറുകണക്കിന് വ്യാപാരികൾ ചീഫ് എഞ്ചിനീയറുടെ ഓഫിസിലേക്ക് മാർച്ച് നടത്തിയത്. ഓഫിസ് കവാടത്തിനു മുന്നിൽ പോലിസ് മാർച്ച്  തടഞ്ഞു. തുടർന്ന്  യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസിന്റെ അധ്യക്ഷതയിൽ നടന്ന ഉപരോധ സമരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ജനങ്ങളോട് സർക്കാർ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണെന്ന് പി.സി ജേക്കബ്ബ് പറഞ്ഞു.

സംസ്ഥാന സർക്കാരിനെ താങ്ങി നിർത്തുന്ന സാമ്പത്തിക സ്രോതസ്സിന്റെ കേന്ദ്രവും തൊഴിൽ ദായകരുമായ കേരളത്തിലെ വ്യാപാരി സമൂഹത്തെ സർക്കാർ സർവ്വ മേഖലയിലൂടെയും അനുദിനം ദ്രോഹിക്കുകയാണ്.

ഇനിയും ഇത് അംഗീകരിക്കാൻ കഴിയില്ല. ജനദ്രോഹ നടപടികൾ അവസാനിപ്പിക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ കേരളത്തിലങ്ങളോമിങ്ങോളം ശക്തമായ പ്രക്ഷോഭവുമായി വ്യാപാര സമൂഹം തെരുവിലറങ്ങുമെന്നും പി സി ജേക്കബ്ബ് പറഞ്ഞു. കണകൂഡ് ലോഡിന്റെ പേര് പറഞ്ഞ് കേരളത്തിലെ ചെറുകിടക്കാർ അടക്കമുള്ള വ്യാപാരികൾക്ക് അന്യായമായി കനത്ത പിഴ ചുമത്തുന്ന നടപടി കെ.എസ്.ഇ.ബി അവസാനിപ്പിക്കണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് ആവശ്യപ്പെട്ടു. വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ,ജില്ലാ വൈസ് പ്രസിഡന്റ് ജിമ്മി ചക്യത്ത്,നിയോജകണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ,ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്,യൂത്ത് വിംഗ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എസ് നിഷാദ് തുടങ്ങിയവർ പ്രസംഗിച്ചു.

## കുട്ടികളുടെ ഹാജറും പഠനപുരോഗതിയും അറിയാൻ കൈറ്റിന്റെ സമ്പൂർണ പ്ലസ്  ആപ്

**തിരുവനന്തപുരം:** കൈറ്റ് തയ്യാറാക്കിയ സമ്പൂർണ പ്ലസ് മൊബൈൽ ആപ് പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി പ്രകാശനം ചെയ്തു. കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കളും സ്‌കൂളും തമ്മിലുള്ള വിനിമയം സുഗമമാക്കാനും സഹായിക്കുന്നതാണ് സമ്പൂർണ പ്ലസ് മൊബൈൽ ആപ്.

കുട്ടികളെ സംബന്ധിക്കുന്ന വിവരം സംസ്ഥാന സർക്കാരിന്റെ സ്‌റ്റേറ്റ് ഡാറ്റാ സെന്ററിൽ നിലനിർത്തി ഡാറ്റയുടെ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തിക്കൊണ്ടാണ് മൊബൈൽ ആപ ് കൈറ്റ് വികസിപ്പിച്ചത്. അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും പ്രത്യേകം ലോഗിൻ സൗകര്യവും സമ്പൂർണ പ്ലസിൽ ഉണ്ടാകും. നിലവിൽ കുട്ടികളുടെ ഫോട്ടോ സ്‌കാൻ ചെയ്തോ അല്ലാതെയോ ആണ് സമ്പൂർണയിൽ അപ്‌ലോഡ് ചെയ്യുക. എന്നാൽ അധ്യാപകന് സമ്പൂർണ പ്ലസ് ആപ് ഉപയോഗിച്ച് കുട്ടിയുടെ ചിത്രമെടുത്ത് നേരിട്ട് എളുപ്പത്തിൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനാകും. സമഗ്ര വിഭവ പോർട്ടലിലെ പഠനസഹായികൾ അനായാസമായി സമ്പൂർണ്ണ പ്ലസ് ആപ്പ് വഴി കുട്ടികൾക്ക് തുടർന്ന് ലഭിക്കും.മൊബൈൽ ആപ്പായി മാത്രമല്ല വെബ് പതിപ്പായി സാധാരണ കമ്പ്യൂട്ടറുകളിലും സമ്പൂർണ പ്ലസിലെ സേവനങ്ങൾ ലഭ്യമാകും.സ്‌കൂൾ കുട്ടികൾക്കായി പ്രത്യേകം സൈബർ സേഫ്റ്റി പ്രോട്ടോകോൾ തയാറാക്കി പ്രസിദ്ധീകരിച്ച സംസ്ഥാനമാണ് കേരളമെന്നും ഇവ കൃത്യമായി പാലിക്കുന്നതിനും കുട്ടികളുടെ സ്വകാര്യ വിവരങ്ങൾ പങ്കുവെയ്ക്കാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

പ്ലേസ്‌റ്റോറിൽ നിന്ന് സമ്പൂർണ പ്ലസ് മൊബൈൽ ആപ് സൗജന്യമായി ഡൗൺലോഡ് ചെയ്യാം. സമ്പൂർണ പ്ലസ് പ്രയോജനപ്പെടുത്തുന്ന സ്‌കൂളുകളിൽ രക്ഷിതാവിന് സമ്പൂർണയിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയും. സമ്പൂർണ പ്ലസിന്റെ ആദ്യഘട്ട വിന്യാസം താല്പര്യം പ്രകടിപ്പിക്കുന്ന സ്‌കൂളുകളിലായിരിക്കും. ജില്ലാഅസംബ്ലി മണ്ഡലം തദ്ദേശഭരണ സ്ഥാപനം എന്നിങ്ങനെയും പ്രത്യേക താല്പര്യമെടുത്ത് ഇത് നടപ്പാക്കാവുന്നതാണെന്നും ഇക്കാര്യത്തിൽ എം.എൽ.എമാർക്കും മറ്റ് ജനപ്രതിനിധികൾക്കും മുൻകൈ എടുക്കാമെന്നും മന്ത്രി പറഞ്ഞു. ഇതിനുള്ള വിശദാംശങ്ങൾ കൈറ്റ് പ്രത്യേകം പ്രസിദ്ധീകരിക്കും. ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ, കൈറ്റ് സി.ഇ.ഒ എന്നിവർ പങ്കെടുത്തു.

## മഴക്കാലത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക പരിശോധന: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന കാമ്പയിന്റെ ഭാഗമായി മഴക്കാലത്ത് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക പരിശോധനകൾ ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഈ പരിശോധനകളിലൂടെ കഴിഞ്ഞ 10 ദിവസങ്ങളിലായി ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി 164 പരിശോധനകളും 1372 മറ്റ് പരിശോധനകളും ഉൾപ്പെടെ ആകെ 1536 പരിശോധനകളാണ് നടത്തിയത്. ട്രോളിംഗ് നിരോധനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി കഴിഞ്ഞ 10 ദിവസങ്ങളിലായി സംസ്ഥാനത്തെ മത്സ്യ ഹാർബറുകൾ, ലേല കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ചെക്ക്‌പോസ്റ്റുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തമാക്കി. ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി 7 സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി. 269 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചു. ഓപ്പറേഷൻ മത്സ്യയുടെ പ്രവർത്തനങ്ങൾ കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് 1372 പരിശോധനകൾ നടത്തി. 212 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ, 494 സർവൈലൻസ് സാമ്പിളുകൾ എന്നിവ ശേഖരിച്ചു ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി. 131 കോമ്പൗണ്ടിംഗ് നോട്ടീസ്, 164 റെക്ടിഫിക്കേഷൻ നോട്ടീസ് എന്നിവ വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നൽകി. അതുകൂടാതെ സംസ്ഥാനത്തെ ഹോട്ടൽ, റസ്‌റ്റോറന്റ്, ബേക്കറി, മറ്റ് ഈറ്ററീസ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കായി 7 ഫോസ്റ്റാക് ട്രെയിനിങ് നടത്തി. ജീവനക്കാർ മെഡിക്കൽ ഫിറ്റ്‌നസ് സർട്ടിഫിക്കറ്റ് എടുത്തിട്ടുണ്ട് എന്ന് പരിശോധന വേളകളിൽ ഉറപ്പുവരുത്തുന്നുണ്ട്.

# സർക്കാർ ലക്ഷ്യം 2000 കെ സ്റ്റോറുകൾ : മന്ത്രി ജി ആർ അനിൽകുമാർ

- ആദ്യഘട്ടത്തിൽ 108 റേഷൻ കടകൾ കെ സ്റ്റോറുകളാക്കി
- റേഷൻ കടകൾ പുതുക്കി നിർമ്മിക്കാൻ രണ്ടുലക്ഷം രൂപ വരെ വായ്പ
- റേഷൻ കടകളിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെയും കണക്കുകൾ ഡിജിറ്റൽ ആക്കി



**കൊച്ചി:** പൊതുവിതരണ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിലും അടുത്ത സാമ്പത്തിക വർഷത്തിലുമായി 2000 കെ സ്റ്റോറുകൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽകുമാർ പറഞ്ഞു. കെ സ്റ്റോറിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും സേവനങ്ങളെ കുറിച്ചുള്ള പരിശീലനം നൽകുന്നതിനുമായി സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.കെ സ്റ്റോർ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 108 റേഷൻ കടകൾ കെ സ്റ്റോറുകളായി മാറിയിട്ടു്. വ്യാപാരികൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസങ്ങൾക്ക് പരിഹാരം കാണുക, ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് റേഷൻകടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കൂടുതൽ കെ സ്റ്റോറുകൾ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം സുതാര്യമായയാണ് പ്രവർത്തിക്കുന്നത്. എല്ലാത്തരത്തിലുള്ള ചോർച്ചയും വഴിമാറിയുള്ള യാത്രയും കർശനമായി നിയന്ത്രിച്ചാണ് സർക്കാർ മുന്നോട്ട് പോകുന്നത്. റേഷൻ കടകളിൽ നിന്നും വിതരണം ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും കണക്കുകൾ കൃത്യമായി ഡിജിറ്റൽ ആയിട്ട്.റേഷൻ കടകൾ വഴി നിലവിൽ ലഭ്യമാക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ കൂടി വില്പന നടത്താൻ തയ്യാറാണെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുന്നെും മന്ത്രി പറഞ്ഞു.റേഷൻ വ്യാപാരികൾക്ക് കൂടുതൽ സഹായം നൽകുന്നതിനായി റേഷൻ കടകൾ പുതുക്കി നിർമ്മിക്കാൻ രുലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നു്. ബാങ്കുകളുടെ സഹകരണത്തോടെ ഏഴ് ശതമാനം പലിശ നിരക്കിൽ ഇതിൽ മൂന്ന് ശതമാനം സർക്കാർ സബ്സിഡിയായയും അനുവദിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. റേഷൻ വ്യാപാരികൾ നേരിടുന്ന പ്രയാസങ്ങൾ, തടസ്സങ്ങൾ എന്തൊക്കെയെന്ന് കൂടുതൽ മനസ്സിലാക്കുന്നതിനാണ് മേഖല അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിരിക്കുന്ന ഏകദിന ശില്പശാലയിലൂടെ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.കെ സ്റ്റോറിന്റെ പ്രവർത്തനം വിലയിരുത്തുക, സേവനങ്ങളെക്കുറിച്ച് പരിശീലനം നൽകുക എന്നീ ലക്ഷ്യത്തോടെ ജില്ലാ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, താലൂക്ക് സപ്ലൈ ഉദ്യോഗസ്ഥർ, കെ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ റേഷനിങ് ഇൻസ്പെക്ടർമാർ, കെ സ്റ്റോർ ലൈസൻസികൾ എന്നിവർക്കായാണ് ഏകദിന ശില്പശാല സംഘടിപ്പിച്ചത്. ഉദ്യോഗസ്ഥർ, ലൈസൻസികൾ എന്നിവരുടെ അഭിപ്രായങ്ങളും ശില്പശാലയിൽ ചർച്ച ചെയ്തു.സപ്ലൈകോ ഹെഡ് കോർട്ടേഴ്സിൽ വച്ച് നടന്ന ശില്പശാലയിൽ പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ ഡോ.ഡി. സജിത്ത് ബാബു അധ്യക്ഷത വഹിച്ചു. സപ്ലൈകോ മാനേജിങ് ഡയറക്ടർ ശ്രീറാം വെങ്കിടരാമൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റേറ്റ് ഹെഡ് ഡോ. ബി രാജീവൻ, റേഷനിങ് കൺട്രോളർ കെ മനോജ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

# ഏലൂർ പാതയോരങ്ങളിൽ ഇനി 'ടേക്ക് എ ബ്രേക്ക്' യൂണിറ്റുകൾ




കൊച്ചി: ഏലൂർ നഗരസഭയിലെ പാതയോരങ്ങളിൽ വികസനത്തിന്റെ മുഖമുദ്രയായി ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ. ഫാക്ട് കവലയിലെ പുതിയ ടേക്ക് എ ബ്രേക്ക് കെട്ടിടം നാടിന് സമർപ്പിച്ചതോടെ ഏലൂർ നഗരസഭയിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉന്നത നിലവാരത്തിലുള്ള പൊതുശുചിമുറി സമുച്ചയങ്ങളുടെ എണ്ണം മൂന്ന് ആയി.നഗരസഭയിൽ 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കിയ പുതിയ ടേക്ക് എ ബ്രേക്ക് കെട്ടിടം ജൂൺ 16നാണ് ചെയർമാൻ എ.ഡി സുജിൽ ഉദ്ഘാടനം ചെയ്തത്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി ഉപയോഗിക്കാവുന്ന രീതിയിൽ ഭിന്നശേഷി സൗഹൃദ സംവിധാനങ്ങളോടെയാണ് ശുചിമുറികൾ ഒരുക്കിയിരിക്കുന്നത്.ഏലൂർ ബസ് സ്റ്റാൻഡ്, പാതാളം എന്നിവിടങ്ങളിലെ ടേക്ക് എ ബ്രേക്ക് യൂണിറ്റിന്റെ പ്രവർത്തനം വിജയമായതിനെ തുടർന്നാണ് ഫാക്ട് കവലയിൽ പുതിയ യൂണിറ്റിന് തുടക്കം കുറിച്ചത്. പുതിയ റോഡിൽ നാലാമത്തെ ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം കൂടി നിർമ്മിക്കാൻ നഗരസഭയ്ക്ക് പദ്ധതിയുണ്ട്. നഗരസഭാ ശുചീകരണ തൊഴിലാളികൾക്കാണ് നിലവിലെ കെട്ടിടങ്ങളുടെ നടത്തിപ്പ് ചുമതല. ഭാവിയിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഇതിനായി ഉപയോഗിക്കാനും ആലോചനയുണ്ട്. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയത്. ദേശീയസംസ്ഥാന പാതയോരങ്ങളിലും, ബസ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഏതുസമയത്തും പൊതുജനങ്ങൾക്ക് ശുചിമുറി സൗകര്യം ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കുടുംബസമേതം യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാണിത്.

# മഞ്ഞള്ളൂർ പഞ്ചായത്തിൽ മുപ്പതേക്കർ കുടിവെള്ള പദ്ധതി ആരംഭിച്ചു



**കൊച്ചി:** കുടിവെള്ള ക്ഷാമം രൂക്ഷമായ മഞ്ഞള്ളൂർ പഞ്ചായത്തിൽ മുപ്പതേക്കർ കുടിവെള്ള പദ്ധതി ആരംഭിച്ചു. ജില്ലാ പഞ്ചായത്തിന്റെ ഒരു കോടി രൂപ ചെലവിലാണ് പദ്ധതി ആരംഭിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പദ്ധതി ഉദ്ഘാടനം ചെയ്തു.ഉയർന്ന പ്രദേശമായതിനാൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ നാല്, അഞ്ചു വാർഡുകളിലെ 200 കുടുംബങ്ങൾക്കാണ് പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നത്. തൊടുപുഴയാറിലെ പിരളിമറ്റം ഭാഗത്തുനിന്നും എത്തിക്കുന്ന വെള്ളം പമ്പ് ഹൗസിൽനിന്നും ര് മോട്ടോറുകൾ വഴി വടകോട്, മുപ്പതേക്കർ കോളനി എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കുകളിൽ എത്തിച്ചാണ് വിതരണം നടത്തുക. പൊതു പ്രവർത്തകനായ സാന്റോസ് മാത്യു കുന്നേൽ വിട്ടുനൽകിയത് മൂന്നുസെന്റ് സ്ഥലത്താണ് പദ്ധതിയുടെ ഭാഗമായ മോട്ടോർപുര സ്ഥാപിച്ചിരിക്കുന്നത്. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ആൻസി ജോസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ടോമി തന്നിട്ടാമാക്കൽ ജോസ് പെരുമ്പള്ളികുന്നേൽ പഞ്ചായത്ത് അംഗങ്ങളായ രതീഷ് മോഹനൻ, ബിന്ദു ഗോപി തുടങ്ങിയവർ പങ്കെടുത്തു

# ഐ.എച്ച്.ആർ.ഡി: എൻ.ആർ.ഐ സീറ്റുകളിലേക്കുള്ള പ്രവേശനം; കാലാവധി ദീർഘിപ്പിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ എറണാകുളം (04842575370, 8547005097) ചെങ്ങന്നൂർ (04792454125, 8547005032), അടൂർ (04734230640, 8547005100), കരുനാഗപ്പള്ളി (04762665935, 8547005036), കല്ലൂപ്പാറ (04692678983, 8547005034), ചേർത്തല (04782553416, 8547005038), ആറ്റിങ്ങൽ (9446700417, 9846934601, 8547005037), പൂഞ്ഞാർ (9562401737, 8547005035), കൊട്ടാ രക്കര (0474 2458764, 8547005039) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 9 എഞ്ചിനീ യറിംഗ് കോളേജുകളിലേയ്ക്ക് 202324 അദ്ധ്യയന വർഷത്തിൽ എൻ.ആർ.ഐ. സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷിക്കാനുള്ള കാലാ വധി 2023 ജൂൺ 17ാം തീയതി 3 വരെ ദീർഘിപ്പിച്ചു. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും അതാതു കോളേജുകളിൽ 2023 ജൂൺ 20 വൈകുന്നേരം 4 വരെ സമർപ്പിക്കാം. അപേക്ഷ www.ihrodnline.org/ihrdnri എന്ന വെബ്സൈറ്റ് അല്ലെങ്കിൽ മേൽ പറഞ്ഞ കോളേജുകളുടെ വെബ്സൈറ്റ് വഴി (പ്രോസ്പെക്ട്സ്പ്രകാരമുള്ള) ഓൺലൈ നായി സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrd.ac.in/ഇമെയിൽ ihrd.itd@gmail.com മുഖാന്തിരം ലഭ്യമാണ്.

# കച്ചേരിത്താഴം പേട്ട റോഡ് നവീകരണം പുരോഗമിക്കുന്നു

**കൊച്ചി:** മൂവാറ്റുപുഴ നഗരസഭയിലെ കച്ചേരിത്താഴം പേട്ട റോഡിന്റെ നവീകരണ ജോലികൾ പുരോഗമിക്കുന്നു. 25 ലക്ഷം രൂപ വകയിരുത്തിയാണ് നഗരസഭയിലെ 16ാം വാർഡിൽ ഉൾപ്പെടുന്ന റോഡിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. എം. പി. ഹുസൈൻ റോഡ് മുതൽ മാറാടി വില്ലേജ് ഓഫീസ് വരെയുള്ള ഭാഗമാണ് ആദ്യഘട്ടത്തിൽ നവീകരിക്കുന്നത്.1.75 കിലോമീറ്റർ ദൈർഘ്യമുള്ള റോഡിന്റെ 140 മീറ്റർ ദൂരം കട്ട വിരിക്കുകയും ബാക്കി ഭാഗം ടാറിങ് നടത്തുകയും ചെയ്യും. 25 ശതമാനം നവീകരണ ജോലികളാണ് പൂർത്തിയാക്കിയത്. ആഗസ്റ്റ് മാസത്തോടെ ആദ്യഘട്ട നിർമ്മാണ ജോലികൾ പൂർത്തിയാക്കുകയാണ് നഗരസഭയുടെ ലക്ഷ്യം.

# യുവ ഉത്സവം 2023 : ഉദ്ഘാടനം ചെയ്തു



**കൊച്ചി:** ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയവും എറണാകുളം നെഹ്റു യുവ കേന്ദ്രയും ചേർന്ന് സംഘടിപ്പിച്ച യുവ ഉത്സവം 2023 ബെന്നി ബഹനാൻ എംപി ഉദ്ഘാടനം ചെയ്തു. പഞ്ച് പ്രൺ ഇന്ത്യ @ 2047 വികസിത രാജ്യം ലക്ഷ്യം എന്ന വിഷയത്തെ അധിഷ്ഠിതമാക്കി പ്രസംഗം, മൊബൈൽ ഫോട്ടോഗ്രാഫി, കവിത രചന, പെയിന്റിങ്, നാടോടി നൃത്തം തുടങ്ങിയ വിവിധ ഇനങ്ങളിലായി സംഘടിപ്പിച്ച മത്സരങ്ങളിൽ 200 വിദ്യാർത്ഥികൾ പങ്കെടുത്തു. നാടൻ പാട്ട്, കളരിപ്പയറ്റ് എന്നിവയും വിവിധ വകുപ്പുകളുടെ പ്രദർശനവും പരിപാടിയോടനുബന്ധിച്ച് ഒരുക്കിയിരുന്നു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിച്ചു.കാലടി പഞ്ചായത്ത് പ്രസിഡന്റ് എം പി ആന്റണി, പ്രിൻസിപ്പൽ ഡോ. പ്രീതി നായർ, നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ വിവേക് ശശീധൻ, എക്സൈസ് ഓഫീസർ വി ജയരാജ് എന്നിവർ സംസാരിച്ചു.

# കേരള മീഡിയ അക്കാദമി ബിരുദദാന സമ്മേളനം ഇന്ന്

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ 202122 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം ഇന്ന് രാവിലെ 11 ന് മീഡിയ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അനു ശിവരാമൻ ഉദ്ഘാടനവും മുഖ്യ പ്രഭാഷണവും നടത്തും. മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷത വഹിക്കും. മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് ടികെജി നായർ അനുസ്മരണ പ്രഭാഷണം നടത്തും. ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, ഫോട്ടോ ജേണലിസം, വീഡിയോ എഡിറ്റിംഗ്, ന്യൂ മീഡിയ & ഡിജിറ്റൽ ജേണലിസം കോഴ്സുകളിൽ വിജയിച്ച വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്യും.മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ്, കേരള ടെലിവിഷൻ ഫെഡറേഷൻ പ്രസിഡന്റ് ബേബി മാത്യു സോമതീരം, ചലച്ചിത്ര സംവിധായിക വിധു വിൻസന്റ്, കായിക പത്രപ്രവർത്തകൻ ഷൈജു ദാമോദരൻ, മീഡിയ അക്കാദമി സെക്രട്ടറി കെ.ജി. സന്തോഷ്, അസി. സെക്രട്ടി പി.കെ. വേലായുധൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ കെ. രാജഗോപാൽ എന്നിവർ സംസാരിക്കും.

# കേരള സവാരി രജിസ്ട്രേഷൻ ഇന്ന് ഫോർട്ട്കൊച്ചിയിൽ

കൊച്ചി: സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ/ടാക്സി സംരംഭമായ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചതും എറണാകുളത്ത് ഉടൻ ആരംഭിക്കാനിരിക്കുന്ന 'കേരള സവാരി'യുടെ ഡ്രൈവർമാർക്കുള്ള തത്സമയ രജിസ്ട്രേഷൻ ക്യാമ്പ് ശനിയാഴ്ച(ജൂൺ 17) ഫോർട്ട്കൊച്ചി അസിസ്റ്റന്റ് ലേബർ ഓഫീസിൽ സംഘടിപ്പിക്കും. ഈ ക്യാമ്പിൽ എല്ലാ ഓട്ടോ, ടാക്സി ഡ്രൈവർമാരും അവരുടെ ലൈസൻസ്, ആർ.സി. എന്നിവയുമായി എത്തി രജിസ്ട്രേഷൻ നടത്തണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 9895147102, 9895814474

# നിയോ റെട്രോ മോട്ടോർസൈക്കിളുകൾ അവതരിപ്പിച്ച് അദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ



**കൊച്ചി:** രാജ്യത്തെ സൂപ്പർ ബൈക്ക് വ്യവസായ മേഖലയിലെ പ്രമുഖരായ അദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എഎആർഐ) പ്രീമിയം സെഗ്മെന്റിൽ അടുത്തിടെ അവതരിപ്പിച്ച നിയോറെട്രോ മോട്ടോർ സൈക്കിളായ കീവേ എസ്ആർ 250യുടെ ഡെലിവറി ജൂൺ 17 മുതൽ തുടങ്ങും. ഇതോടൊപ്പം അവതരിപ്പിച്ച കീവേ എസ്ആർ 125 നിലവിൽ വിൽപനയിലുണ്ട്. 98ലധികം രാജ്യങ്ങളിൽ സാനിധ്യമുള്ള ഹങ്കറിയിലെ പ്രമുഖ കമ്പനി ആയ കീവേയിൽ നിന്നുള്ള ഊബർ കൂൾ എസ്ആർ 250, എസ്ആർ 125 എന്നീ ഈ മോട്ടോർ സൈക്കിളുകൾ ആധുനിക കാലഘട്ടത്തിലെ പ്രകടനം, വിശ്വാസ്യത എന്നിവയിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ എൺപതുകളിലേയും തൊണ്ണൂറുകളിലേയും ഗതകാലസ്മരണകൾ ഉണർത്തുന്ന അനുഭവം ആസ്വദിക്കുവാൻ ഉപഭോക്താക്കൾക്ക് അവസരം നൽകുന്നു. 2023ന്റെ അവസാനത്തോടു കൂടി രണ്ട് നിയോറെട്രോ ബൈക്കുകൾ പ്രാദേശികവൽക്കരിക്കാനും അദീശ്വർ ഓട്ടോറൈഡ് ഇന്ത്യ പദ്ധതിയിടുന്നുണ്ട്. രണ്ട് മോഡലുകൾക്കും ലഭിക്കുന്ന അസാധ്യ പ്രതികരണത്തിന്റെ ഫലമായാണ് പ്രാദേശികവൽക്കരണത്തിനുള്ള ഈ നീക്കം.കീവേ എസ്ആർ 250ന്റെ ആദ്യത്തെ 500 ഡെലിവറികളുമായി ബന്ധപ്പെട്ട് ഒരു നറുക്കെടുപ്പ് സമ്മാന പദ്ധതിയും എഎആർഐ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നറുക്കെടുപ്പിലൂടെ ഭാഗ്യശാലികളാകുന്ന 5 ഉപഭോക്താക്കൾക്ക് എക്സ്ഷോറൂം വിലയിൽ 100 ശതമാനം ക്യാഷ്ബാക്കോടെ ബൈക്കുകൾ ലഭിക്കും. 2023 സെപ്റ്റംബറോടു കൂടി ഉപഭോക്താക്കൾക്ക് വേണ്ടി നിറങ്ങൾ കസ്റ്റമൈസ് ചെയ്യുന്ന പ്ലാറ്റ്ഫോമായ 'മൈ എസ്ആർ മൈ വേ ആരംഭിക്കുവാനും എഎആർഐ പദ്ധതിയിടുന്നു. ഇരു സ്കൂട്ടറിനും വേണ്ടിയുടെ ഒരു നിര ആക്സസറികൾ പുറത്തിറക്കുവാനും കമ്പനി പദ്ധതിയിടുന്നു. മുന്നിലെ വൈസർ, ബാഷ് പ്ലേറ്റ്, ബാക്ക് റെസ്റ്റ്, ലെഗ് ഗാർഡ്, സാരി ഗാർഡ്, സീറ്റ് കവർ, ഫ്യുവൽ ടാങ്ക് കവർ, ഹാൻഡ് റെയിലുകൾ എന്നിവ അതിൽ ഉൾപ്പെടും. പ്രത്യേകം തയാറാക്കിയ ഒരു ആന്വൽ മെയ്ന്റനൻസ് കോൺട്രാക്റ്റും ഉപഭോക്താക്കൾക്കായി 2023 സെപ്റ്റംബറോടു കൂടി അവതരിപ്പിക്കുമെന്നും കമ്പനി അറിയിച്ചു. ഗ്ലോസി വൈറ്റ്, ഗ്ലോസി റെഡ്, ഗ്ലോസി ബ്ലാക്ക് എന്നീ നിറങ്ങളിലാണ് കീവേ എസ്ആർ 250ഉം കീവേ എസ്ആർ 125ഉം വരുന്നത്. എസ്ആർ 250ക്ക് 1.49 ലക്ഷം രൂപയാണ് (എക്സ്ഷോറൂം ഡൽഹി) വില. 2000 രൂപ നൽകി ബുക്ക് ചെയ്യാം. 1.19 ലക്ഷം രൂപ വില നിശ്ചയിച്ചിരിക്കുന്ന എസ്ആർ 125 1000 രൂപ നൽകി മുൻകൂർ ബുക്കിങ് ചെയ്യാനാവും. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും www.keeway-india.com സന്ദർശിക്കാം.

# ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് ഫെയർ: കൊല്ലം ടെക്നോപാർക്കിൽ

**തിരുവനന്തപുരം:** ബിരുദധാരികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി ഇന്റേൺഷിപ്പ് അവസരമൊരുക്കി ടെക്നോപാർക്ക്. കേരളാ ഐ.ടി പാർക്ക്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് ഫെയറിന്റ രണ്ടാം പതിപ്പ് ജൂൺ 17ന് കൊല്ലം ടെക്നോപാർക്കിൽ നടക്കും. അഷ്ടമുടി ബിൽഡിങ്ങിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ നടക്കുന്ന ഇന്റേൺഷിപ്പ് ഫെയറിൽ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികളിൽ ഇന്റേൺഷിപ്പ് ചെയ്യാനുള്ള അവസരമുണ്ടാകും. അതോടൊപ്പം തന്നെ തിരഞ്ഞെടുക്കപ്പെട്ട ഇന്റേണുകൾക്ക് മാസം 5000 രൂപ ഗവൺമെന്റ് സബ്സിഡി ഉൾപ്പടെ 10,000 രൂപയോ അതിൽ കൂടുതലോ പ്രതിമാസ സ്റ്റൈപ്പന്റും ലഭിക്കും.ആദ്യ പതിപ്പിൽ, രജിസ്റ്റർ ചെയ്ത 4,749 ഉദ്യോഗാർത്ഥികളിൽ 175 പേർ വിവിധ കമ്പനികളിൽ ഇന്റേൺഷിപ്പിന് യോഗ്യത നേടുകയും, അതിൽ 90 ശതമാനം ഉദ്യോഗാർത്ഥികളും വിവിധ കമ്പനികളിൽ ഇതിനോടകം ജോലി നേടുകയും ചെയ്തു. ടെക്നോപാർക്കിലെ വിവിധ കമ്പനികളിലായി 23 പേരും ഇൻഫോപാർക്കിലെ വിവിധ കമ്പനികളിൽ 40 പേരും സൈബർ പാർക്കിലെ വിവിധ കമ്പനികളിൽ 56 പേരും സ്റ്റാർട്ട് അപ്പ് മിഷനിലുള്ള വിവിധ കമ്പനികളിൽ 41 പേരും മലബാറിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ കാഫിറ്റിൽ (കാലിക്കറ്റ് ഫോറം ഫോർ ഐ.ടി) അംഗമായ വിവിധ കമ്പനികളിൽ 13 പേരും കേരളത്തിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കിൽ അംഗമായ കമ്പനികളിൽ നിന്ന് രണ്ടുപേരുമാണ് ആദ്യ പതിപ്പിൽ പങ്കെടുത്തത്.പങ്കെടുക്കുന്ന കമ്പനികളെയും ഉദ്യോഗാർത്ഥികളെയും പ്രോത്സാഹിപ്പിക്കാനും ഇന്റേൺഷിപ്പ് അവസരങ്ങൾക്കായി ഓരോ കമ്പനിയുടെയും ആവശ്യാനുസരണം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് ഫെയർ സംഘടിപ്പിക്കുന്നത്.ഇന്റേൺഷിപ്പ് ഫെയറിനായി കമ്പനികൾക്ക് https://forms.office.com/r/Sje5797gk, എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത് പങ്കാളിത്തം ഉറപ്പാക്കാം. ഉദ്യോഗാർത്ഥികൾക്ക് https://ignite.keralait.org/ എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

# പ്രവാസി പുനരധിവാസ വായ്പ പദ്ധതി: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നോർക്ക റൂട്ട്സുമായി ചേർന്ന് നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ വായ്പ പദ്ധതിക്ക് കീഴിൽ വായ്പ അനുവദിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും , 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കണം. ചുരുങ്ങിയത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്. നൽകുന്ന വായ്പയുടെ 15% ബാക്ക് എന്റഡ് സബ്സിഡി ആയും, തിരിച്ചടവ് വീഴ്ച കൂടാതെ നടത്തുന്ന സംരംഭകർക്ക് ആദ്യത്തെ 4 വർഷ കാലത്തേക്ക് 3% പലിശ സബ്സിഡിയായും നോർക്ക റൂട്ട്സ് അനുവദിക്കും. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനമനുസരിച്ചാണ് വായ്പകൾ നൽകുക. 3.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള അപേക്ഷകർക്ക് 5 ലക്ഷം രൂപയും, 5 മുതൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 10 ലക്ഷം രൂപയും, 1 മുതൽ 15 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 20 ലക്ഷം രൂപയുമാണ് പരമാവധി വായ്പ നൽകുക. കൃത്യമായ തവണ സംഖ്യകൾ തിരിച്ചടക്കുന്നവർക്ക്, നോർക്ക് സബ്സിഡി പരിഗണിക്കുമ്പോൾ വായ്പയുടെ പലിശ നിരക്ക് 4% മുതൽ 6% വരെയും, തിരിച്ചടവ് കാലയളവ് 5 വർഷ തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്.താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം ജാതി, കുടുംബ വാർഷിക വരുമാനം, വയസ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യണം. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കണം. നോർക്കാ റൂട്ട്സിന്റെ പരിശോധനയ്ക്കു ശേഷമായിരിക്കും കോർപ്പറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക.

# ഫാസ്റ്റ് ട്രാക്ക് ക്ലിനിക് അവതരിപ്പിച്ച് കിംസ്ഹെൽത്ത് തിരുവനന്തപുരം

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് ഫാസ്റ്റ് ട്രാക്ക് ക്ലിനിക് അവതരിപ്പിച്ച് കിംസ്ഹെൽത്ത്. അത്യാഹിത വിഭാഗത്തിന്റെ ഈ വിപുലീകൃത സേവനത്തിലൂടെ രാത്രികാലങ്ങളിൽ അടിയന്തര പരിചരണം ആവശ്യമായി വരുന്ന രോഗികൾക്ക് വേഗത്തിൽ വൈദ്യസഹായം വാഗ്ദാനം ചെയ്യുന്നു. വൈകുന്നേരങ്ങളിൽ ഡോക്ടർമാരുടെ കൺസൾട്ടേഷൻ ലഭ്യമാകുന്നതിന്റെ ബുദ്ധിമുട്ടുകൾ മനസിലാക്കി, കാത്തിരിപ്പ് സമയം കുറയ്ക്കാനും ഗുരുതരമല്ലാത്ത അത്യാഹിതങ്ങൾക്ക് സമയബന്ധിതമായി പരിചരണം നൽകാനും ഫാസ്റ്റ് ട്രാക്ക് ക്ലിനിക്ക് ലക്ഷ്യമിടുന്നതായി കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. വൈകുന്നേരങ്ങളിൽ വരുന്ന വാക്ക്ഇൻ രോഗികൾക്ക് സാധാരണ രീതിയിൽ എമർജൻസി മെഡിസിൻ വിഭാഗത്തിലാണ് പേകേിവരുക. അവിടെ അത്യാഹിത കേസുകൾക്ക് മുൻഗണന നൽകുന്നതിനാൽ പലപ്പോഴും കാത്തിരിക്കേി വരുന്ന സാഹചര്യവും ു്. രോഗികൾക്ക് എമർജൻസി ഡോക്ടർമാരുടെ സേവനം ഉടനടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊ് ഈ പ്രശ്നം ലഘൂകരിക്കാനാണ് കിംസ്ഹെൽത്ത് ഫാസ്റ്റ് ട്രാക്ക് ക്ലിനിക് അവതരിപ്പിക്കുന്നതിലൂടെ പദ്ധതിയിടുന്നത്. സാധാരണ ഔട്ട്പേഷ്യന്റ് സേവനങ്ങൾ അവസാനിച്ച ശേഷവും വൈകുന്നേരം ഏഴ് മുതൽ അടുത്ത ദിവസം എട്ട് മണി വരെ ഫാസ്റ്റ് ട്രാക്ക് ക്ലിനിക് പ്രവർത്തിക്കുമെന്നും ഡോ. എം.ഐ സഹദുള്ള പറഞ്ഞു. 24 മണിക്കൂറും സേവനം നൽകുന്നതിലൂടെ, പതിവ് ഒപി സമയങ്ങളിൽ വൈദ്യസഹായം തേടാൻ ബുദ്ധിമുട്ട് നേരിടുന്നവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. പരിചയസമ്പന്നരായ എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരടങ്ങുന്ന ഫാസ്റ്റ് ട്രാക്ക് ക്ലിനിക്ക്, രോഗികൾക്ക് കാലതാമസമില്ലാതെ കൃത്യമായ പരിചരണം നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ഇ ബാങ്ക് ഗ്യാരണ്ടി സംവിധാനം ലഭ്യമാക്കി ആക്സിസ്

**കൊച്ചി:** ആക്സിസ് ബാങ്ക് പൂർണമായും ഡിജിറ്റൽ ആയ ഇ ബാങ്ക് ഗ്യാരണ്ടി സംവിധാനത്തിനു തുടക്കം കുറിച്ചു. സിഫ്റ്റ് ഇന്ത്യയുമായി ചേർന്നാണ് ഈ മേഖലയിലെ ഇത്തരത്തിലെ ആദ്യ പദ്ധതിയായ ഇ ബാങ്ക് ഗ്യാരണ്ടി നടപ്പാക്കുന്നത്. ഈ സംവിധാനം ആദ്യമായി പ്രയോജനപ്പെടുത്തുന്ന കോർപറേറ്റ് സ്ഥാപനം ഗെയിൽ ആണെന്നും ബാങ്ക് അധികൃതർ അറിയിച്ചു. സുതാര്യവും തടസങ്ങളില്ലാത്തതുമായ ഇടപാടുകളാവും ഇബാങ്ക് ഗ്യാരണ്ടി വഴി ഉറപ്പാക്കുക ഫിസിക്കൽ രേഖകൾ നൽകുന്ന പ്രക്രിയകൾ അടക്കം ഇല്ലാതാക്കുന്നതും ഓട്ടോമേറ്റഡ് രീതിയിലുള്ളതുമാണ് ഇബാങ്ക് ഗ്യാരണ്ടി സംവിധാനം.ഡിജിറ്റൈസേഷൻ കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് തങ്ങൾ ശക്തമായി വിശ്വസിക്കുന്നുവെന്ന് ആക്സിസ് ബാങ്ക് ഹോൾസെയിൽ ബാങ്കിങ് പ്രൊഡക്ട്സ് വിഭാഗം മേധാവിയും പ്രസിഡൻറുമായ വിവേക് ഗുപ്ത പറഞ്ഞു. ട്രാൻസാക്ഷൻ ബാങ്കിംഗിലെ മുൻനിര ഡിജിറ്റൽ സംരംഭങ്ങളിൽ ആക്സിസ് ബാങ്ക് എല്ലായ്പ്പോഴും മുൻപന്തിയിലാണ്. സേവനങ്ങൾ ലളിതമാക്കുന്നതിനാണ് തങ്ങൾ എപ്പോഴും ശ്രമിക്കുന്നതെന്നും സിഫ്റ്റ് ഇന്ത്യയുടെ ശൃംഖല പ്രയോജനപ്പെടുത്തി ഈ സേവനങ്ങൾ നൽകുന്നതിനു തുടക്കം കുറിക്കാനായതിൽ സന്തോഷമുണ്ടെന്നും വിവേക് ഗുപ്ത പറഞ്ഞു.ആക്സിസ് ബാങ്കുമായും ഗെയിലുമായും ചേർന്നു പ്രവർത്തിക്കുന്നതിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്ന് സിഫ്റ്റ് ഇന്ത്യ സിഇഒ കിരൺ ഷെട്ടി പറഞ്ഞു.

# ഓഫറുകളുമായി ലൈഫ്സ്റ്റൈൽ സീസൺ സെയിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ജനപ്രിയ ഫാഷൻ സ്റ്റോറായ ലൈഫ്സ്റ്റൈൽ,മികച്ച ഓഫറുകളുമായി സീസൺ സെയിലിന് തുടക്കമിട്ടു. ഫാഷൻ ഇഷ്ടപ്പെടുന്നവർക്കും ട്രെൻഡിയായി വസ്ത്രങ്ങളണിയാൻ ആഗ്രഹിക്കുന്നവർക്കും 50% വരെ ഡിസ്കൗണ്ടാണ് ലൈഫ്സ്റ്റൈൽ നൽകുന്നതെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. ഇന്ത്യൻ ബ്രാൻഡുകൾക്കും വിദേശബ്രാൻഡുകൾക്കും ഓഫർ ലഭ്യമാണ്.ഏറ്റവും മികച്ച ഫാഷൻ ഉൽപ്പന്നങ്ങൾ താങ്ങാനാവുന്ന വിലയിൽ നൽകി ജനപ്രിയമായ സ്ഥാപനമാണ് ലൈഫ്സ്റ്റൈൽ. വസ്ത്രങ്ങൾ, പാദരക്ഷകൾ, ഹാൻഡ്ബാഗുകൾ, ബ്യൂട്ടി പ്രൊഡക്ടുകൾ, സൺഗ്ലാസ്സുകൾ, വാച്ചുകൾ, അങ്ങനെ എല്ലാ ഫാഷൻ ഉൽപ്പന്നങ്ങളും ഏറ്റവും പുതിയ ട്രെൻഡുകൾക്കനുസരിച്ച് അതീവശ്രദ്ധയോടെ തെരെഞ്ഞെടുത്താണ് ലൈഫ്സ്റ്റൈൽ വില്പനക്കെത്തിക്കുന്നത്. കാലാതീതമായ ക്ലാസ്സിക് ഡിസൈനുകൾ മുതൽ ഏറ്റവും പുതിയ ഡിസൈനുകൾ വരെ ഇവിടെ ഒരൊറ്റ കുടക്കീഴിൽ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ലീവൈസ്, പ്യൂമ, ലൂയി ഫിലിപ്പ്, ജാക്ക് ആൻഡ് ജോൺസ്, വാൻ ഹ്യൂസെൻ, യുണൈറ്റഡ് കളേഴ്സ് ഓഫ് ബെനറ്റൻ, ടോമി ഹിൽഫിഗർ, ബീബ, ഫോസിൽ, ജിഞ്ചർ, കപ്പ, അലൻ സോളി, വേരോ മോഡ, ടൈറ്റൻ, ബോസിനി, മെലാഞ്ച്, ഗ്യസ്, ക്യാറ്റാക്ക്, ബാഗിറ്റ്, മെയ്ബെലീൻ, തുടങ്ങിയ പ്രമുഖബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾക്കെല്ലാം ഓഫറുകൾ ലഭ്യമാണ്.




ലൈഫ്സ്റ്റൈലിന്റെ എല്ലാ സ്റ്റോറുകളിലും ഈ ഓഫറുകൾ ലഭ്യമാണ്.മാത്രമല്ല, lifestylestores.com എന്ന വെബ്സൈറ്റിലൂടെയും ലൈഫ്സ്റ്റൈലിന്റെ മൊബൈൽ ആപ് ളിക്കേഷനിലൂടെ ഓൺലൈനായും ഓഫറുകൾ പ്രയോജനപ്പെടുത്താം. എസ്ബിഐ ബാങ്കിന്റെ കാർഡുകളും പേടിഎമ്മും ഉപയോഗിക്കുന്നവർക്ക് വേറെയും ഓഫറുകളുണ്ട്. എസ്ബിഐ കാർഡ് ഉപയോഗിച്ച് 7500 രൂപയ്ക്ക് പർച്ചേസ് ചെയ്താൽ 10% അധിക ഡിസ്കൗണ്ട് നേടാം. പേടിഎം ഉപയോഗിച്ച് 2999 രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയാൽ 750 രൂപയുടെ ക്യാഷ്ബാക്കും കിട്ടും.കൊച്ചി ഗ്രാൻഡ് മാളിലും,തിരുവനന്തപുരത്ത് മാൾ ഓഫ് ട്രാവൻകൂറിലുമാണ് ലൈഫ്സ്റ്റൈൽ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നത്. കണ്ണൂരിൽ താണ ജംഗ്ഷനിൽ ലൈഫ്സ്റ്റൈലിന്റെ പുതിയ സ്റ്റോർ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

# 'മാമന്നൻ' ജൂൺ 29ന് തിയേറ്ററുകളിലേക്ക്




**കൊച്ചി:** ഉദയനിധി സ്റ്റാലിൻ, ഫഹദ് ഫാസിൽ, വടിവേലു, കീർത്തി സുരേഷ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മാമന്നന്റെ ട്രയ്ലർ റിലീസായി . പ്രേക്ഷകരെ അക്ഷരാർത്ഥത്തിൽ ത്രസിപ്പിക്കുന്ന ട്രെലെർ തിയേറ്ററിൽ പ്രേക്ഷകർക്ക് കാഴ്ചയുടെ പുതിയ വിരുന്നൊരുക്കുമെന്നുറപ്പാണ്. പരിയേറും പെരുമാൾ, കർണ്ണൻ എന്നി ബ്ലോക്ക് ബസ്റ്റർ ചിത്രങ്ങൾക്ക് ശേഷം മാരി സെൽവരാജ് സംവിധാനം ചെയ്യുന്ന ചിത്രമാണിത്. ഫഹദ് ഫാസിലിന്റെ മിന്നുന്ന പ്രകടനമാണ് ചിത്രത്തിലുടനീളം. ഓസ്കാർ ജേതാവ് എ ആർ റഹ്മാനാണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്. പ്രശസ്ത പ്രൊഡക്ഷൻ ആൻഡ് ഡിസ്ട്രിബൂഷൻ കമ്പനി ആയ റെഡ് ജയന്റ് ആണ് ചിത്രത്തിന്റെ നിർമ്മാണം. നേരത്തെ പുറത്തുവിട്ട മാമന്നനിലെ ലിറിക്കൽ വിഡിയോകൾക്ക് ഗംഭീര പ്രേക്ഷക പ്രതികരണമാണ് ലഭിക്കുന്നത്.സോണി മ്യൂസിക് ആണ് മ്യൂസിക് ചിത്രത്തിന്റെ മ്യൂസിക് റൈറ്റ്സ് .ചിത്രത്തിന്റെ ഛായാഗ്രഹണം തേനി ഈശ്വർ ആണ്. കേരളത്തിൽ ആർ, ആർ, ആർ, വിക്രം , ഡോൺ , വെന്ത് തുനിന്തത് കാട്, വിടുതലൈ തുടങ്ങിയ മാസ്റ്റർ ക്ലാസ് സിനിമകൾ വിതരണം ചെയ്ത എച്ച് ആർ പിക്ചേഴ്സ് ആണ് ചിത്രം കേരളത്തിൽ വിതരണത്തിനെത്തിക്കുന്നത്. പി ആർ ഓ പ്രതീഷ് ശേഖർ.

# കാറ്റിൽ നിന്നുള്ള വൈദ്യുതി: 20 ജിഗാവാട്ട് പിന്നിട്ട് സുസ്ലോൺ

**കൊച്ചി:** കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം 20 ജിഗാവാട്ട് എന്ന നാഴികക്കല്ലു പിന്നിട്ടതായി സുസ്ലോൺ ഗ്രൂപ്പ് പ്രഖ്യാപിച്ചു. ആറു ഭൂഖണ്ഡങ്ങളിലായി 17 രാജ്യങ്ങളിൽ 12,647 കാറ്റാടികൾ സ്ഥാപിച്ചു കൊണ്ടാണ് സുസ്ലോൺ ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ കമ്പനിയായി മാറിയത്. ഇന്ത്യയിൽ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിന്റെ 33 ശതമാനവും സുസ്ലോണിന്റെ പങ്കാണ്. പുനരുപയോഗിക്കാവുന്ന വൈദ്യുതി മേഖലയിലെ സുസ്ലോണിന്റെ പ്രതിബദ്ധതയുടെ സാക്ഷ്യപത്രമാണ് ഇതെന്ന് സുസ്ലോൺ ഗ്രൂപ്പ് വൈസ് ചെയർമാൻ ഗിരീഷ് തന്തി പറഞ്ഞു.

# എസ് പി ഹിന്ദുജയ്ക്ക് മുംബൈയുടെ പ്രണാമം



**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പ് മുൻ ചെയർമാൻ ശ്രീചന്ദ് പി ഹിന്ദുജയ്ക്ക് മുംബൈയിൽ നടത്തിയ പ്രാർത്ഥനാ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. രാഷ്ട്രീയ നേതാക്കൾ, വ്യാവസായിക പ്രമുഖർ, വിദേശ നയതന്ത്രജ്ഞർ, ആത്മീയ നേതാക്കൾ തുടങ്ങി ജീവിതത്തിന്റെ നാനാ തുറകളിൽ നിന്നുള്ളവർ എസ് പി ഹിന്ദുജയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. 2500ൽ ഏറെ പേർ അനുസ്മരണ ചടങ്ങിൽ പങ്കെടുത്തു. ഹിന്ദുജ ഗ്രൂപ് ചെയർമാൻ ഗോപിചന്ദ് ഹിന്ദുജ അനുസ്മരണ പ്രഭാഷണം നടത്തി. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി, ആത്മീയ നേതാക്കളായ ഗോപാൽകൃഷ്ണ ഗോസ്വാമി മഹാരാജ്, സ്വാമി ചിദാനന്ദ് സരസ്വതി, സ്വാമി ബ്രഹ്മവിഹാരി തുടങ്ങിയവർ സംസാരിച്ചു.

# ഇന്ത്യയിലെ ന്യൂട്രാസ്യൂട്ടിക്കൽ വിപണിക്ക് മികച്ച വളർച്ച



**കൊച്ചി:** പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ച് വികസിപ്പിക്കുന്ന ഭക്ഷ്യസപ്ലിമെന്റുകളായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങളുടെ വിപണി ഇന്ത്യയിൽ മികച്ച വളർച്ചയാണ് കൈവരിച്ചതെന്ന് ശിൽപശാല. കഴിഞ്ഞ 30 വർഷത്തെ അപേക്ഷിച്ച് 20 ശതമാനമാണ് ഈ മേഖലയിലെ വളർച്ച. 2025 അവസാനത്തോടു കൂടി ഇന്ത്യയിലെ ന്യൂട്രാസ്യൂട്ടിക്കൽ വിപണി നാല് ബില്യൺ ഡോളറിൽ നിന്നും 18 ബില്യൺ ഡോളറായി വികസിക്കുമെന്നാണ് കരുതുന്നത്. ആരോഗ്യ രംഗത്തെ വർധിച്ചുവരുന്ന അവബോധവും രോഗപ്രതിരോധരീതികൾക്കുായ പ്രാധാന്യവുമാണ് ഇതിന് കാരണമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാല ചൂിക്കാട്ടി.നൂതനമായ ഔഷധോൽപാദനത്തിന് കടൽജീവജാലങ്ങളിൽ നിന്നുൾപ്പെടെയുള്ള പ്രകൃതിദത്ത ചേരുവകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. മരുന്നുൽപാദനരംഗത്ത് ഏറെ സാധ്യതകളുള്ള പ്രകൃതിദത്ത ബയോപോളിമറുകളുടെ ഉപയോഗം ഈ മേഖലയിൽ വലിയ മുന്നേറ്റത്തിന് വഴിതുറക്കുമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യസംരക്ഷണ രംഗത്തും മരുന്നുനിർമാണത്തിനും ആവശ്യമായ ചേരുവകൾ കൊ് സമ്പന്നമാണ് കടൽപായൽ പോലുള്ള സമുദ്രവിഭവങ്ങളെന്ന് അദ്ദേഹം പറഞ്ഞു. പ്രമേഹം, അമിതവണ്ണം, സന്ധിവേദന, ഹൈപ്പർടെൻഷൻ, തൈറോയിഡ് തുടങ്ങിയ ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കാനായ സിഎംഎഫ്ആർഐ കടൽപായലിൽ നിന്നും വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും മികച്ച സ്വീകാര്യതയാണുള്ളതെന്നും ഡോ ഗോപാലകൃഷ്ണൻ പറഞ്ഞു.മറൈൻ ബയോടെക്നോളജി, ഫിഷ്ന്യൂട്രീഷൻ ആന്റ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ കൃപേഷ ശർമ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കാജൽ ചക്രവർത്തി പ്രസംഗിച്ചു.വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സർവകലാശാലകളിൽ നിന്നുമുള്ള ശാസ്ത്രജ്ഞർ, ഗവേഷകർ, അധ്യാപകർ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.

## സൗദി അറേബ്യ നേഴ്സുമാരെ തിരഞ്ഞെടുക്കുന്നു



**തിരുവനന്തപുരം:** ഒഡെപെക് മുഖേന സൗദി അറേബ്യൻ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിലെ ആശുപത്രികളിലേക്ക് ബി.എസ്.സി നഴ്സുമാരെ (സ്ത്രീ) തെരഞ്ഞെടുക്കുന്നു. നഴ്സിങ്ങിൽ ബി.എസ്.സി/പോസ്റ്റ് ബി.എസ്.സി/എം.എസ്.സി വിദ്യാഭ്യാസ യോഗ്യതയും കുറഞ്ഞത് രണ്ട് വർഷം പ്രവൃത്തിപരിചയവും വേണം. ഡിഗ്രി സർട്ടിഫിക്കറ്റിന്റെ എച്ച്ആർഡിയും, ഡാറ്റഫ്ലോയും നിർബന്ധമാണ്. പ്രായപരിധി 35 വയസ്. സൗദ്യ അറേബ്യൻ ആരോഗ്യമന്ത്രാലയത്തിന്റെ നിയമമനുസരിച്ച് ശമ്പളം ലഭിക്കും. ശമ്പളത്തിനു പുറമേ താമസം, വിസ, ടിക്കറ്റ് എന്നിവ സൗജന്യമായിരിക്കും. താത്പര്യമുള്ളവർ ഫോട്ടോ അടങ്ങിയ ബയോഡേറ്റ, ആധാർ കാർഡ്, പാസ്പോർട്ട്, ഡിഗ്രി സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ജൂൺ 24നു മുമ്പ് gcc@odepc.in എന്ന ഇമെയിലിൽ അയയ്ക്കണം. വിശദവിവരങ്ങൾക്ക്: www.odepc.kerala.gov.in, 0471 2329440/41/42/6238514446.

## ലാറ്റിൻ ടയർ & ഓട്ടോ പാർട്സ് എക്സ്പോയിൽ ടിവിഎസ് യൂറോഗ്രിപ്പ് ടയറുകൾ




**ചെന്നൈ:** പനാമയിൽ നടന്ന ലാറ്റിൻ ടയർ & ഓട്ടോ പാർട്സ് എക്സ്പോയിൽ ശ്രദ്ധ നേടി ടിവിഎസ് യൂറോഗ്രിപ്പ് ടയേഴ്സ്. ലാറ്റിൻ അമേരിക്കയിലെ മുൻനിര ടയർ, ഓട്ടോ പാർട്സ് ഷോയാണ് ലാറ്റിൻ ടയർ & ഓട്ടോ പാർട്സ് എക്സ്പോ. ജൂൺ 14ന് ആരംഭിച്ച പ്രദർശനം 16ന് സമാപിക്കും. ടിവിഎസ് യൂറോഗ്രിപ്പ് ടയേഴ്സ് OHT & 2W ശ്രേണിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ എക്സ്പോയിൽ പ്രദർശിപ്പിച്ചു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഓഫ്ഹൈവേ ടയറുകളുടെ ശേഷി വിപുലീകരണത്തിലും സാങ്കേതികവിദ്യയിലും കമ്പനി ഗണ്യമായ നിക്ഷേപം നടത്തി, പുതിയ ഉൽപ്പന്നങ്ങൾ തുടർച്ചയായി പുറത്തിറക്കുന്നതിനാൽ അന്താരാഷ്ട്ര ഫോറങ്ങളിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു.ഒഎഠ ഉൽപ്പന്ന ശ്രേണിയുടെ ഭാഗമായി ടൈഗർട്രാക് അഗ്രി റേഡിയൽ, അഗ്രി ബയാസ് ടയറുകളും നിർമ്മാണ ടയറുകളിലെ പുതിയ അളവുകളും പ്രദർശിപ്പിച്ചിരുന്നു. പ്രീമിയം ടൂവീലർ ടയർ ശ്രേണിയിൽ നിന്നുള്ള പുതിയ ഉൽപ്പന്നങ്ങൾ, ഡ്യൂറട്രേൽ, ബീമർ തുടങ്ങിയ മോട്ടോർസൈക്കിൾ ട്യൂബ് ലെസ് ടയറുകൾ എന്നിവയും ഇതോടൊപ്പം പ്രദർശിപ്പിച്ചു. ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന ടയറായ ഇ ടോർക്, ഓഫ് റോഡിങ്ങിനുള്ള അന്താരാഷ്ട്ര ഉൽപ്പന്നമായ ക്ലൈംബർ എക്സ്സി എന്നിവയും സന്ദർശകർക്ക് പരിശോധിക്കാൻ സൗകര്യമുണ്ടായിരുന്നു.ലാറ്റിൻ ടയർ & ഓട്ടോ പാർട്സ് എക്സ്പോയിൽ പങ്കെടുക്കുന്നതിലും ടയർ സാങ്കേതികവിദ്യയിലെ നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്നതിലും തങ്ങൾക്ക് സന്തോഷമുണ്ടെന്ന് കമ്പനി വക്താവ് പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663